ചെയിഞ്ചു വഴിയും ലഭ്യമായ വിലകുറഞ്ഞ വൈദ്യുതി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. തന്മൂലം 2003-2004 വർഷം 59 കോടി രൂപയും 2004-2005 വർഷം 65 കോടി രൂപയും ലാഭിക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കായംകുളം താപവൈദ്യുതിനിലയത്തിന്റെ ശേഷിയുടെ 50 ശതമാനം 22-1-2003 മുതൽ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് നൽകുകവഴി 2002-2003-ൽ 20.89 കോടി രൂപയും, 2003-2004-ൽ 112.46 കോടി രൂപയും, 2004-2005 വർഷം 113.59 കോടി രൂപയും ഫിക്സഡ് കോസ്റ്റിനത്തിൽ ലാഭിക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, 21-1-2005 മുതൽ കായംകുളം നിലയത്തിൽനിന്നും 150 എം. ഡബ്ല്യു. വൈദ്യുതി എൻ. വി. വി. എൻ.-ന് നൽകാൻ തീരുമാനിച്ചപ്രകാരം 31-3-2005 വരെ 9.24 കോടി രൂപ ലാഭിക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനം

215 [1157] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വൈദ്യുതിനിലയങ്ങളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചു കൊണ്ടിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2001 ജൂൺ മുതൽ 2005 ജൂലൈ 1 വരെയുള്ള കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൂൺ 2000 മുതൽ മേയ് 2001 വരെയുള്ള കാലയളവിൽ പ്രതിദിന ശരാശരി ഉൽപ്പാദനം 24.64 ദശലക്ഷം യൂണിറ്റാണ്.

ജലവൈദ്യുതി	. .	17.08 ദശലക്ഷം യൂണിറ്റ്
താപവൈദ്യുതി	. .	1.76 ദശലക്ഷം യൂണിറ്റ്
ഐ. പി. പി.	. .	5.80 ദശലക്ഷം യൂണിറ്റ്
	. .	24.64 ദശലക്ഷം യൂണിറ്റ്

(ബി) 84.60 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly